# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE: 05.06.2024**

## പ്രധാനവാർത്തകൾ

1. **ലോക്സഭാ തിരഞ്ഞെടുപ്പിൽ വിജയം നേടിയ പ്രധാനമന്ത്രി നരേന്ദ്രമോദിയ്ക്കും ബി.ജെ.പി യ്ക്കും അഭിനന്ദനം അറിയിച്ച് ലോകനേതാക്കൾ.**

2. **തിരഞ്ഞെടുപ്പ് ഫലം വന്നതോടെ സർക്കാർ രൂപീകരിക്കാനുള്ള നീക്കങ്ങളുമായി മുന്നണികൾ. NDA, I.N.D.I സഖ്യങ്ങളുടെ യോഗം ഇന്ന്.**

3. **ലോക പരിസ്ഥിതി ദിനത്തോടെ അനുബന്ധിച്ച് 'ഏക് പേട് മാ കേ നാം' പ്രചാരണത്തിന് പ്രധാനമന്ത്രി നരേന്ദ്രമോദി തുടക്കം കുറിച്ചു.**

4. **പരിസ്ഥിതിദിന ദിനാചരത്തിന്റെ ഭാഗമായി സംസ്ഥാന സഹകരണ വകുപ്പ് സംഘടിപ്പിക്കുന്ന ഹരിതം സഹകരണം പദ്ധതി ഇന്ന് ആരംഭിക്കും.**

5. **സംസ്ഥാനത്ത് കീം-എഞ്ചിനീയറിംഗ്, ഫാർമസി പ്രവേശന പരീക്ഷകൾക്ക് ഇന്ന് തുടക്കം.**

6. **ട്വന്റി -20 ലോകകപ്പ് ക്രിക്കറ്റിൽ ഇന്ന് ഇന്ത്യ-അയർലന്റിനെ നേരിടും.**

*************************************************

RNU TVPM

## ലോക നേതാക്കൾ

ലോക്സഭാ തിരഞ്ഞെടുപ്പിൽ വിജയം നേടിയ പ്രധാനമന്ത്രി നരേന്ദ്രമോദിയ്ക്കും ബി.ജെ.പി യ്ക്കും അഭിനന്ദനം അറിയിച്ച് ലോകനേതാക്കൾ. ഇറ്റലി, മൗറീഷ്യസ്, ഭൂട്ടാൻ, നേപ്പാൾ, ശ്രീലങ്ക തുടങ്ങിയ രാജ്യങ്ങളിലെ നേതാക്കളാണ് തുടർച്ചയായ മൂന്നാം വിജയത്തിൽ പ്രധാനമന്ത്രിയ്ക്ക് അഭിനന്ദനം അറിയിച്ചത്.

*********************************************

## ലോക്സഭാ തിരഞ്ഞെടുപ്പ് ഫലം

ലോക്സഭാ തിരഞ്ഞെടുപ്പിന്റെ അന്തിമ ഫലം പുറത്തുത്തുവന്നപ്പോൾ 292 സീറ്റുകളിൽ എൻ ഡി എയും. ഐ എൻ ഡി ഐ എ സഖ്യം 233 സീറ്റുകളിലും ജയിച്ചു. കേരളത്തിലെ 20 മണ്ഡലങ്ങളിൽ യുഡിഎഫ് 18 ഇടത്തും എൽഡിഎഫ് ഒരിടത്തും എൻ.ഡി.എ ഒരു സീറ്റിലും വിജയിച്ചു. സംസ്ഥാനത്ത് ആദ്യമായാണ് ബിജെപി ലോക്സഭാ സീറ്റ് നേടിയത്. വിവിധ ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിൽ ഇഞ്ചോടിഞ്ച് പോരാട്ടമാണ് നടന്നത്. സർക്കാർ രൂപികരിക്കാനുള്ള തയ്യാറെടുപ്പുകളിലാണ് ഇപ്പോൾ മുന്നണികൾ.

RNU TVPM

*********************************************

## എൻഡിഎ-ഐഎൻഡിഐ യോഗം

തുടർച്ചയായി മൂന്നാം തവണയും പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ നേതൃത്വത്തിൽ സർക്കാർ രൂപീകരിക്കുന്നതിനുള്ള ചർച്ചകൾക്കായി എൻ.ഡി.എ യോഗം ഇന്ന് ചേരും. ലോക് ജനശക്തി പാർട്ടി നേതാവ് ചിരാഗ് പാസ്വാനാണ് യോഗം ചേരുന്നത് സംബന്ധിച്ച് മാധ്യമങ്ങളെ അറിയിച്ചത്. യോഗത്തിൽ പങ്കെടുക്കുമെന്നും തിരഞ്ഞെടുപ്പിൽ എൽ.ജെ.പി മികച്ച പ്രകടനം കാഴ്ചവച്ചതിന് കേന്ദ്ര

ആഭ്യന്തരമന്ത്രി അമിത്ഷാ അഭിനന്ദിച്ചതായും അദ്ദേഹം പറഞ്ഞു. അതേസമയം, I.N.D.I.A യുടെ യോഗവും ഇന്ന് വൈകിട്ട് ന്യൂഡൽഹിയിൽ ചേരും. കോൺഗ്രസ് അധ്യക്ഷൻ മല്ലികാർജ്ജുൻ ഖാർഗെയുടെ വസതിയിൽ യോഗം ചേരാനാണ് സാധ്യത.

******************************************

## രാഷ്ട്രപതിഭവൻ-സന്ദർശനം

രാഷ്ട്രപതി ഭവനിൽ ഇന്ന് മുതൽ 9-ാം തീയതി വരെ പൊതു ജനങ്ങൾക്ക് സന്ദർശനം അനുവദിക്കില്ല. കേന്ദ്ര മന്ത്രിസഭയുടെ സത്യപ്രതിജ്ഞാ ചടങ്ങിന്റെ തയ്യാറെടുപ്പുകൾക്കായിട്ടാണ് നിയന്ത്രണം. രാഷ്ട്രപതി ഭവൻ, പ്രസ്താവനയിലൂടെയാണ് ഇക്കാര്യം അറിയിച്ചത്.

******************************************

## എം.വി.ഗോവിന്ദൻ

വിജയവും പരാജയവും തിരഞ്ഞെടുപ്പിൽ സാധാരണമെന്ന് സി പി ഐ എം സംസ്ഥാന സെക്രട്ടറി എം വി ഗോവിന്ദൻ. തിരുവനന്തപുരത്ത് മാധ്യമപ്രവർത്തകരോട് സംസാരിക്കുകയായിരുന്നു അദ്ദേഹം. ബിജെപിക്കെതിരെയുള്ള ജനവിധിയാണ് ഉണ്ടായതെന്നും ബിജെപിയുടെ ഫാസിസ്റ്റ് രാഷ്ട്രീയത്തെ ഇന്ത്യൻ ജനത തള്ളിക്കളഞ്ഞെന്നും എം വി ഗോവിന്ദൻ പറഞ്ഞു. കേരളത്തിൽ യുഡിഎഫ് തരംഗമെന്ന് യുഡിഎഫ് കൺവീനർ എം.എം ഹസൻ. മതേതര ജനാധിപത്യത്തിൻറെ യശസ്സ് ഉയർത്തിയ തിരഞ്ഞെടുപ്പ് ഫലമാണ് ഐ.എൻ.ഡി.ഐ മുന്നണിയുടേതെന്നും ശ്രീ ഹസ്സൻ പറഞ്ഞു. കേരളത്തിൽ ആദ്യമായി എൻ.ഡി.എ വൻ വിജയം നേടിയതിൽ അഭിമാനമെന്ന് ബി.ജെ.പി സംസ്ഥാന അധ്യക്ഷൻ കെ.സുരേന്ദ്രൻ പറഞ്ഞു.

RNU TVPM

******************************************

## ലോക പരിസ്ഥിതി ദിനം

ഇന്ന് ലോക പരിസ്ഥിതി ദിനം. പരിസ്ഥിതി പ്രശ്നങ്ങളെ കുറിച്ചുള്ള അവബോധം സൃഷ്ടിക്കാനും അതിനായി കർമ്മ പരിപാടികൾ ആസൂത്രണം ചെയ്യുന്നതിനുമായി 1972 ജൂൺ 5 മുതലാണ് ഐക്യരാഷ്ട്രസംഘടന ലോക പരിസ്ഥിതി ദിനാചരണത്തിന് തുടക്കം കുറിച്ചത്. 'ഭൂമി വീണ്ടെടുക്കൽ, മരുഭൂവൽക്കരണം തടയൽ, വരൾച്ച പ്രതിരോധം എന്നതാണ് ഇത്തവണത്തെ പരിസ്ഥിതിദിന പ്രമേയം. ആഗോളതലത്തിലെ പ രിസ്ഥിതി ദിന ആഘോഷങ്ങൾക്ക് സൗദി അറേബ്യ ആതിഥേയത്വം വഹിക്കും. പരിസ്ഥിതിദിനത്തോട് അനുബന്ധിച്ച് കേരളത്തിൽ പച്ചത്തുരുത്തുകളുടെ വ്യാപനത്തിനായി ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ നടപ്പാക്കുന്ന ബൃഹത് കാമ്പയിന് ഇന്ന് തുടക്കമാകും.

RNU TVPM

******************************************

## രാഷ്ട്രപതി -പരിസ്ഥിതിദിനം

ഭൂമിയെ സംരക്ഷിക്കുന്നത് ഓരോരുത്തരുടെയും മൗലികമായ ഉത്തരവാദിത്തമാണെന്ന് ഓർമപ്പെടുത്തുന്ന ദിനമാണ് ലോക പരിസ്ഥിതി ദിനമെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു. പ്രകൃതി വിഭവങ്ങളുടെ സംരക്ഷകരാണ് നമ്മളെന്നും ഉടമസ്ഥരല്ലെന്നും ശ്രീമതി മുർമു സമൂഹമാധ്യമ പോസ്റ്റിൽ കുറിച്ചു. ലോക പരിസ്ഥിതി ദിനത്തിൽ ഉപരാഷ്ട്രപതി ജഗ്ദീപ് ധൻകർ ജനങ്ങൾക്ക് ആശംസകൾ നേർന്നു.

******************************************

## പ്രധാനമന്ത്രി -പരിസ്ഥിതി ദിനം

ലോക പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് 'ഏക് പേട് മാ കേ നാം', അഥവാ അമ്മയുടെ പേരിൽ ഒരു മരം എന്ന പ്രചാരണത്തിന് തുടക്കം കുറിച്ചു. ബുദ്ധ ജയന്തി പാർക്കിൽ വൃക്ഷത്തൈ നട്ടുകൊണ്ടാണ് പ്രധാനമന്ത്രി നരേന്ദ്രമോദി പ്രചാരണത്തിന് തുടക്കം കുറിച്ചത്. രാജ്യത്തുടനീളം വൃക്ഷങ്ങൾ നട്ടുപിടിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്കാണ് പ്രചാരണം ലക്ഷ്യമിടുന്നത്.

*********************************

## മുഖ്യമന്ത്രി - പരിസ്ഥിതി ദിനം

ലോക പരിസ്ഥിതി ദിനാചരണത്തിന്റെ സംസ്ഥാനതല ആരംഭം ക്ലിഫ് ഹൗസിൽ ഫലവൃക്ഷത്തൈ നട്ടുകൊണ്ട് മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിച്ചു. കേരളത്തിലെ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളിലും വാർഡ് തലത്തിൽ കൃഷി വകുപ്പ് ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ ഫലവൃക്ഷത്തൈകൾ നടും. ദിനാചരണത്തിന്റെ ഭാഗമായി സഹകരണ വകുപ്പ് നടപ്പാക്കുന്ന ഹരിതം സഹകരണം പദ്ധതിയുടെ രണ്ടാം വർഷ സംസ്ഥാനതല ഉദ്ഘാടനവും ഇന്ന് നടക്കും.

RNU TVPM

*********************************

## ഇടുക്കി - പച്ചത്തുരുത്ത് (ഇൻട്രോ)

ലോക പരിസ്ഥിതി ദിനത്തിൽ പ്രാദേശിക ജൈവ വൈവിധ്യ സംരക്ഷണം ലക്ഷ്യമിട്ട് ഇടുക്കി ജില്ലയിൽ 13 ഏക്കറിൽ പച്ചത്തുരുത്ത് ഒരുങ്ങും.
ആകാശവാണി ഇടുക്കി ജില്ല പ്രതിനിധി രതീഷ് കൃഷ്ണ തയ്യാറാക്കിയ റിപ്പോർട്ട് ...
(വോയിസ്)

*********************************

## കേന്ദ്ര മന്ത്രിസഭാ യോഗം

പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ വസതിയിൽ കേന്ദ്രമന്ത്രിസഭാ യോഗം ചേരുന്നു. കേന്ദ്രമന്ത്രിമാരായ അമിത് ഷാ, നിതിൻ ഗഡ്കരി, രാജ്നാഥ് സിംഗ് എന്നിവരും മറ്റ് മന്ത്രിമാരും യോഗത്തിൽ പങ്കെടുക്കുന്നു. ലോക്സഭാ തെരഞ്ഞെടുപ്പിൽ എൻഡിഎയുടെ വിജയത്തിന് പിന്നാലെയാണ് യോഗം. കേന്ദ്രത്തിൽ പുതിയ സർക്കാർ രൂപീകരിക്കുന്നതുമായി ബന്ധപ്പെട്ട ചർച്ചകളും യോഗത്തിൻറെ ഭാഗമാകുമെന്നാണ് വിലയിരുത്തൽ.

*************************************

## കൊട്ടിയൂർ (ഇൻട്രോ)

കണ്ണൂർ കൊട്ടിയൂർ ക്ഷേത്രത്തിലെ വൈശാഖ മഹോത്സവത്തിന് ഭക്തജന തിരക്കേറി. നാളെയാണ് രോഹിണി ആരാധന. ഈ മാസം 13 വരെയാണ് സ്ത്രീകൾക്ക് പ്രവേശനം. കൂടുതൽ വിവരങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ.ഒ.ശശിധരൻ...
(വോയിസ് )

RNUTVPM

*************************************

## കീം-പ്രവേശന പരീക്ഷ

സംസ്ഥാനത്ത് ഈ വർഷം മുതൽ ഓൺലൈനായി നടത്തുന്ന കിം എഞ്ചിനീയറിംഗ്, ഫാർമസി പ്രവേശനപരീക്ഷകൾ ഇന്ന് ആരംഭിക്കുമെന്ന് മന്ത്രി ആർ. ബിന്ദു പറഞ്ഞു. വിവിധ കേന്ദ്രങ്ങളിലായാണ് പരീക്ഷ നടക്കുന്നത്. ഞായറാഴ്ച വരെ ഉച്ചയ്ക്ക് 2 മണി മുതൽ വൈകിട്ട് 5 മണി വരെയായിരിക്കും എഞ്ചിനീയറിംഗ് കോഴ്സിലേയ്ക്കു പ്രവേശന പരിക്ഷ. ഫാർമസി പരീക്ഷയ്ക്ക് മാത്രമായി പ്രവേശന പരീക്ഷ തിങ്കളാഴ്ച ഉച്ചയ്ക്ക് 3.30

മുതൽ അഞ്ച് വരെ നടക്കും.പരീക്ഷാർത്ഥികളുടെ തിരക്ക് കണക്കിലെടുത്ത് സർവീസുകൾ ക്രമീകരിക്കുമെന്ന് കെഎസ്ആർടിസി എം ഡി അറിയിച്ചു. എല്ലാ ജില്ലകളിൽ നിന്നും പരീക്ഷാ സമയത്ത് സർവ്വീസ് ഉണ്ടാകും. നിശ്ചിത സമയത്തിന് രണ്ടര മണിക്കൂർ മുൻപ് പരീക്ഷാ കേന്ദ്രങ്ങളിൽ എത്തിചേരേണ്ട സമയക്രമം കൂടി പരിഗണിച്ചാണ് ക്രമീകരണം. തിരക്കിനനുസരിച്ച് ആവശ്യമെങ്കിൽ കൂടുതൽ അധിക സർവ്വീസുകളും നടത്തുമെന്ന് കെ എസ് ആർ ടി സി അറിയിച്ചു.

***********************************************

## ട്വന്റി-20

ട്വന്റി -20 ലോകകപ്പിൽ, ഇന്ത്യ ഇന്ന് ഐർലണ്ടിനെ നേരിടും. ന്യൂയോർക്കിൽ, ഇന്ത്യൻ സമയം രാത്രി 8 മണിക്കാണ് മത്സരം. ഡാലിസിലെ ഗ്രാൻഡ് പ്രയറി സ്റ്റേഡിയത്തിൽ ഇന്നലെ നടന്ന മത്സരത്തിൽ നേപ്പാളിനെ 6 വിക്കറ്റിന് നെതർലാൻഡ്സ് പരാജയപ്പെടുത്തി. ബ്രിഡ്ജ് ടൗണിൽ നടന്ന ഇംഗ്ലണ്ട് - സ്കോട്ലൻഡ് മത്സരം 10 ഓവറിന് ശേഷം മഴ മൂലം ഉപേക്ഷിച്ചിരുന്നു.

RNUTVPM

***********************************************

## ധാരണാപത്രം

National Telemental Health ഹെൽപ്പ് ലൈൻ - ടെലി മാനസിന്റെ പ്രവർത്തനങ്ങൾക്കായി കേന്ദ്ര ആരോഗ്യ മന്ത്രാലയവും പ്രതിരോധ മന്ത്രാലയവും ധാരണ പത്രത്തിൽ ഒപ്പുവെച്ചു. ന്യൂഡൽഹിയിലെ നിർമാൺ ഭവനിലാണ് ഇരു മന്ത്രാലയങ്ങളും ധാരണാപത്രത്തിൽ ഒപ്പുവെച്ചത്. പരീക്ഷണ അടിസ്ഥാനത്തിൽ 2 വർഷത്തേക്ക് പൂനെയിലെ Armed Forces Medical College ലാണ് നടപ്പാക്കുന്നത്. ഒരു ദശലക്ഷത്തിലധികം ജനങ്ങൾക്ക് ടെലി കൗൺസിലിങ്ങ് ലഭ്യമാക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം.

## മഴ

കേരളത്തിലെ കോട്ടയം, എറണാകുളം, തൃശൂർ, കോഴിക്കോട് ജില്ലകളിൽ വരുംമണിക്കൂറുകളിൽ ഒറ്റപ്പെട്ടയിടങ്ങളിൽ ഇടിമിന്നലോടു കൂടിയ മിതമായ മഴയ്ക്കും ശക്തമായ കാറ്റിനും സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഇന്ന് മഞ്ഞജാഗ്രതയാണ്. അതേസമയം, കേരള തീരത്തും തെക്കൻ തമിഴ്നാട് തീരത്തും നാളെ രാത്രി വരെ ഉയർന്ന തിരമാലയ്ക്കും കടലാക്രമണത്തിനും സാധ്യതയുള്ളതിനാൽ മത്സ്യത്തൊഴിലാളികളും തീരദേശവാസികളും ജാഗ്രത പാലിക്കണമെന്ന് ദേശീയ സമുദ്രസ്ഥിതിപഠന ഗവേഷണ കേന്ദ്രം അറിയിച്ചു.

PNU TVPM

## കോഴിക്കോട് -സ്ഫോടകവസ്തു

കോഴിക്കോട് കുറ്റ്യാടിക്ക് സമീപം ആർ എം പി പ്രവർത്തകന്റെ വീടിന് നേരെ സ്ഫോടകവസ്തു എറിഞ്ഞു. സംഭവത്തിൽ വിടിന്റെ വാതിലിനും ജനൽചില്ലുകൾക്കും കേടുപാടുകൾ സംഭവിച്ചിട്ടുണ്ട്. കുറ്റ്യാടി പോലീസ് കേസെടുത്തു.